പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2343** 18.02.2016 - ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ ശസ്ത്രക്രിയ

| **ചോദ്യം**<br>**ശ്രീ.പി.കെ. ബഷീർ :** | **മറുപടി**<br>**ശ്രീ. വി. എസ് . ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി )** |
|---|---|
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കേരളത്തിൽ നിലവിൽ നാലു സർക്കാർ മെഡിക്കൽ കോളേജുകളിലാണ് ഇപ്പോൾ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഈ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഓപ്പറേഷൻ തീയറ്ററുകൾ, ട്രാൻസ് പ്ലാന്റ് ICU, ഡയാലിസിസ് യൂണിറ്റ്, എന്നീ സൗകര്യങ്ങൾ ഉണ്ട്. കേരള സർക്കാരിന്റെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമായിക്കഴിഞ്ഞു. |
| (ബി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ബൈപ്പാസ്, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നീ സൗകര്യങ്ങൾ ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; | (ബി) തിരുവനന്തപുരം മെഡിക്കൽകോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ആയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരുന്നു. കാർഡിയോതൊറാസിക് സർജൻ ഉള്ള മെഡിക്കൽ കോളേജുകളിൽ ബൈപ്പാസ് സർജറിയും നടത്തുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്. |
| (സി) സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിന് ആവശ്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ